compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 ഓഗസ്റ്റ് 05
Tuesday, 05th August 2025

1200 കർക്കടകം 20
20th Karkadakam 1200

1947 ശ്രാവണം 14
14th Sravana 1947

വാല്യം 14
Vol. XIV

നമ്പർ **31**
No.

Part I

Home

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

താനൂർ ബോട്ട് അപകടത്തെക്കുറിച്ച് അന്വേഷിക്കാൻ ചുമതലപ്പെടുത്തിയ
(എസ്.ആർ.ഒ. നമ്പർ 578/2023 & 594/2023)

ബഹു. ജസ്റ്റിസ് വി. കെ. മോഹനൻ കമ്മീഷൻ

പൊതു തെളിവെടുപ്പിനും ഹിയറിങ്ങിനുമായി പ്രസിദ്ധീകരിക്കുന്ന
2-ാം വിജ്ഞാപനം

നമ്പർ TBTJC/5/2023. 2025 ജൂലൈ 29.

കേരള സർക്കാർ 1952-ലെ അന്വേഷണ കമ്മീഷൻ നിയമം (1952-ലെ കേന്ദ്രനിയമം 60/1952) വകുപ്പ്-3 പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് പുറപ്പെടുവിച്ച സർക്കാർ വിജ്ഞാപനങ്ങൾ എസ്.ആർ.ഒ. നമ്പർ 578/2023/SSA2/58/2023-ആഭ്യന്തരം തീയതി 12-5-2023, എസ്.ആർ.ഒ. നമ്പർ 594/2023/SSA2/58/2023-ആഭ്യന്തരം തീയതി 19-5-2023, എസ്.ആർ.ഒ. നമ്പർ 1141/2023/SSA2/58/2023-ആഭ്യന്തരം തീയതി 31-10-2023 പ്രകാരവും റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ശ്രീ. വി. കെ. മോഹനൻ ചെയർമാനായി പൊതു പ്രാധാന്യമുള്ള ഒരു നിശ്ചിത വിഷയം, അതായത് മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ താനൂർ തൂവൽ തീരം ബീച്ചിൽ 2023 മേയ് മാസം ഏഴാം തീയതി ഉണ്ടായ ബോട്ടപകടത്തിന് ഇടയാക്കിയ കാരണങ്ങളെക്കുറിച്ചും ഭാവിയിൽ ഇത്തരത്തിൽ ദുരന്തങ്ങൾ ഒഴിവാക്കുവാൻ സ്വീകരിക്കേണ്ട എല്ലാ നടപടികളെക്കുറിച്ചും അന്വേഷിച്ചു റിപ്പോർട്ട് നൽകുന്നതിനായി ഒരു 3 അംഗ കമ്മീഷനെ നിയമിച്ചുത്തരവായിട്ടുള്ളതാണ്. കമ്മീഷന്റെ അന്വേഷണ വിഷയങ്ങൾ താഴെ പറയും പ്രകാരമാണ്.

1. മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ താനൂർ തൂവൽ തീരം ബീച്ചിൽ 2023 മേയ് ഏഴാം തീയതി ഉണ്ടായ ബോട്ട് അപകടത്തിന് ഇടയാക്കിയ സാഹചര്യത്തെപ്പറ്റി അന്വേഷിക്കുക.
2. ബോട്ടപകടം ഉണ്ടായതിന് വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് ഉള്ള ഉത്തരവാദിത്വം എന്തെന്ന് നിശ്ചയിക്കുക.
3. നിലവിലുള്ള ലൈസൻസിങ്, എൻഫോഴ്സ്മെന്റ് സംവിധാനങ്ങൾ പര്യാപ്തമാണോ, അല്ലെങ്കിൽ ആവശ്യമായ ശുപാർശകൾ സമർപ്പിക്കുക.
4. ജലഗതാഗത മേഖലയിൽ ഭാവിയിൽ ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് സ്വീകരിക്കേണ്ട പരിഹാരമാർഗ്ഗങ്ങൾ ശുപാർശ ചെയ്യുക.
5. ഇതുപോലെ മുൻകാലങ്ങളിൽ സംഭവിച്ച ബോട്ട് അപകടങ്ങളെ തുടർന്ന് നിയോഗിച്ച അന്വേഷണ കമ്മീഷനുകൾ സമർപ്പിച്ച റിപ്പോർട്ടുകളിൻമേൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ച നടപടികളുടെ പര്യാപ്തത അവലോകനം ചെയ്യുക.
6. ഇതിന് അനുബന്ധമായ ഇതിൽ നിന്നോ ഉണ്ടാവുന്ന ബന്ധപ്പെട്ട മറ്റു കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കുക.

മേൽ പ്രസ്താവിച്ച അന്വേഷണ വിഷയങ്ങൾ സംബന്ധമായി അന്വേഷണം ആരംഭിച്ചപ്പോൾ കമ്മീഷൻ കേരളത്തിലെ പ്രധാന മലയാള ദിനപത്രങ്ങളിൽ ഉൾപ്പെടെ 3-12-2023-ൽ പൊതുജനങ്ങളുടെ, മേൽ വിഷയത്തിലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖാമൂലം ആരാഞ്ഞുകൊണ്ട് ഒരു പൊതു വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു.

തുടർന്ന് ഒന്നാംഘട്ട അന്വേഷണ വേളയിൽ ഇപ്രകാരം മേൽ പ്രസ്താവിച്ചിരിക്കുന്ന ഒന്നും രണ്ടും വിഷയങ്ങളെ സംബന്ധിച്ച് കമ്മീഷൻ 2024 മാർച്ച് മാസം മുതൽ 2025 മേയ് മാസം വരെയുള്ള കാലയളവിൽ തിരൂർ ക്യാമ്പിൽ നടത്തിയ അന്വേഷണവേളയിൽ 49 ഓളം സാക്ഷികളെ വിസ്തരിക്കുകയും 75 ഓളം പ്രമാണങ്ങൾ അക്കമിട്ട് തെളിവിൽ സ്വീകരിച്ച ശേഷം ബന്ധപ്പെട്ടവരുടെ വാദം കേട്ട് ടി വിഷയങ്ങളിൽ അന്വേഷണം 28-7-2025-ന് പൂർത്തിയാക്കിയിട്ടുള്ളതും തുടർന്ന് മൂന്നു

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മുതൽ ആറു വരെയുള്ള വിഷയങ്ങളെ സംബന്ധിച്ച് അന്വേഷണം ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ളതുമാണ്.

രണ്ടാംഘട്ട അന്വേഷണ വേളയിൽ അപ്രകാരം മൂന്നു മുതൽ ആറു വരെയുള്ള വിഷയങ്ങളിൽ കേരളത്തിലെ വിനോദസഞ്ചാരം ഉൾപ്പെടെയുള്ള ഉൾനാടൻ ജലഗതാഗത മേഖലയും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെയും മേൽപ്പടി വിഷയങ്ങളിൽ പ്രഗൽഭരായ വ്യക്തികളുടെയും പൊതുജനങ്ങളുടെയും വിലയേറിയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വരൂപിക്കുന്നതിനും ആയത് നേരിൽ കേൾക്കേണ്ടതും ഈ കമ്മീഷന്റെ അർത്ഥവത്തായ പ്രവർത്തന പൂർത്തീകരണത്തിന് എന്തുകൊണ്ടും അനിവാര്യമാണെന്ന് കമ്മീഷന് ഉത്തമബോധ്യം വരികയാൽ, മേൽ പ്രസ്താവിച്ച വിഷയങ്ങളിൽ താല്പര്യമുള്ള എല്ലാവരുടെയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും രേഖാമൂലം കമ്മീഷന്റെ ഓഫീസിൽ 2025 സെപ്റ്റംബർ ഒന്നാം തീയതിക്ക് മുമ്പായി ലഭിക്കത്തക്കവണ്ണം നേരിലോ തപാൽ മാർഗ്ഗമോ സമർപ്പിക്കാവുന്നതും കൂടാതെ അതിലുപരി എന്തെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ താഴെ പറയുന്ന പട്ടിക അനുസരിച്ച് കമ്മീഷൻ നടത്തുന്ന പൊതു ഹിയറിങ്ങിൽ കമ്മീഷൻ മുമ്പാകെ വാക്കാലോ രേഖാമൂലമോ സമർപ്പിക്കുവാൻ അഭ്യർത്ഥിക്കുന്നു.

ആയതിലേക്കായി താഴെപ്പറയുന്ന പട്ടികയിൽ പറയുന്നത് പ്രകാരം അതാത് സ്ഥലങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന വേദികളിലും തീയതിയിലും സമയത്തും ടി വിഷയങ്ങളിൽ താല്പര്യമുള്ള പൊതുജനങ്ങൾ കമ്മീഷൻ മുമ്പാകെ ഹാജരായി അവരുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും മേൽ നിർദ്ദേശിച്ച പ്രകാരം സമർപ്പിച്ച് കമ്മീഷന്റെ പ്രവർത്തനങ്ങളെ സുതാര്യമായും ജനോപകാരപ്രദമായി എത്രയും വേഗം പൂർത്തീകരിക്കുവാൻ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്രമ നമ്പർ	സിറ്റിംഗ് തീയതി	ജില്ല	സമയം	സ്ഥലം
1	10-9-2025	തിരുവനന്തപുരം (പൂവാർ)	11 AM	ഗ്രാമപഞ്ചായത്ത് ഹാൾ, പൂവാർ
2	11-9-2025	കൊല്ലം	10 AM 2.30 PM	DTPC കോൺഫറൻസ് ഹാൾ, കൊല്ലം പഞ്ചായത്ത് ലേലം ഹാൾ, സാമ്പ്രാണികൊടി ജെട്ടി
3	12-9-2025	പത്തനംതിട്ട	11 AM	KFDC ഹാൾ, ഗവി
4	16-9-2025	കോട്ടയം, ആലപ്പുഴ (പാർട്ട്)	10 AM 2.30 PM	ഡിസ്ട്രിക്ട് ടൂറിസം ഓഫീസ്, കവണാറ്റിൻകര, കുമരകം പള്ളാത്തുരുത്തി ഹൗസ് ബോട്ട് ടെർമിനൽ (പുളിങ്കുന്ന്, ചമ്പക്കുളം)
5	18-9-2025	ആലപ്പുഴ	11 AM	O/o ഡെപ്യൂട്ടി ഡയറക്ടർ, ഡിസ്ട്രിക്ട് ടൂറിസ്റ്റ് ഓഫീസ് പുന്നമട, ഫിനിഷിംഗ് പോയിന്റ്
6	20-9-2025	എറണാകുളം	11 AM	കമ്മീഷൻ ഹെഡ് കോർട്ടേഴ്സ് GCDA ഷോപ്പിംഗ് കോംപ്ലക്സ്, മറൈൻഡ്രൈവ്
7	22-9-2025	എറണാകുളം	11 AM	ഇറിഗേഷൻ ഇൻസ്പെക്ഷൻ ബംഗ്ലാവ്, ഭൂതത്താൻകെട്ട്
8	23-9-2025	ഇടുക്കി	11 AM	ദേവികുളം പഞ്ചായത്ത് ഹാൾ, മാട്ടുപ്പെട്ടി
9	24-9-2025	ഇടുക്കി	11 AM	കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, സിവിൽ സ്റ്റേഷൻ, ഇടുക്കി
10	25-9-2025	ഇടുക്കി	11 AM	DTPC ഹാൾ, കുമളി
11	13-10-2025	കാസർഗോഡ്	11 AM	ബോട്ട് ടെർമിനൽ, നീലേശ്വരം, കാഞ്ഞങ്ങാട്
12	14-10-2025	കണ്ണൂർ	11 AM	കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കണ്ണൂർ
13	15-10-2025	കോഴിക്കോട്	10.30 AM 2.30 PM	പഞ്ചായത്ത് ഓഡിറ്റോറിയം, ഏലത്തൂർ പോർട്ട് ഓഫീസ്, ബേപ്പൂർ
14	17-10-2025	വയനാട്	11 AM	കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, വയനാട്
15	18-10-2025	പാലക്കാട്	3 PM	കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, പാലക്കാട്
16	21-10-2025	തൃശ്ശൂർ	11 AM	കേരള മാരിടൈം അക്കാദമി ഹാൾ, അഴിക്കോട്, തൃശ്ശൂർ
17	22-10-2025	മലപ്പുറം	11 AM	വാഗൺ ട്രാജഡി ഹാൾ, തിരൂർ
18	23-10-2025	മലപ്പുറം	11 AM	കമ്മ്യൂണിറ്റി ഹാൾ, അരീക്കോട് .

2025 ആഗസ്റ്റ് മാസം 1-ാം തീയതി ഇതിൽ കമ്മീഷന്റെ സീലും എന്റെ കയ്യൊപ്പും പതിച്ചിട്ടുള്ളതാണ്.

ഉത്തരവിൻപ്രകാരം,

(സീൽ)

(ഒപ്പ്)

ഓഫീസ് ഓഫ് ജസ്റ്റിസ് വി. കെ. മോഹനൻ
കമ്മീഷൻ ഓഫ് ഇൻക്വയറി,
കൊച്ചി-682 031

രമേഷ് കുമാർ, ടി. കെ.,
മെമ്പർ സെക്രട്ടറി നീതിന്യായം.
Mob: 9446067471

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.08.05 02:33:14 +05:30